## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 8081 **17-07-2014**-ൽ മറുപടിക്ക്

## എച്ച് വൺ, എൻ വൺ പനിക്കുള്ള മരുന്ന്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ.വി എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) എച്ച് വൺ, എൻ വൺ പനിക്കുള്ള മരുന്ന് നൽകുന്നതിൽ നിന്ന് കേന്ദ്രസർക്കാർ പിൻമാറിയതുമൂലം സംസ്ഥാനത്തെ ആശുപത്രികളിൽ പ്രസ്തുത രോഗത്തിനുള്ള മരുന്ന ലഭ്യമല്ലാത്തത് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | എ) എച്ച്1, എൻ1 പനി ചികിത്സിക്കാനുള്ള ഒസെൽറ്റാമിവിർ മരുന്ന് നേരത്തെ തന്നെ ലഭിച്ചിരുന്ന മുറയ്ക്ക് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ മുതൽ മുകളിലോട്ട് ഉള്ള ആരോഗ്യ സ്ഥാപനങ്ങളിൽ ആവശ്യാനുസരണം ലഭ്യമാക്കിയിരുന്നു. ജില്ലകളിൽ ഈ വിധം മൊത്ത സ്റ്റോക്ക് , ജില്ലാമെഡിക്കൽ ഓഫീസർമാർ വിലയിരുത്തി കൂടുതൽ മരുന്ന് ആവശ്യമുണ്ടെങ്കിൽ ഹെൽത്ത് സർവ്വീസസ് ഡയറക്ടറേറ്റിൽ അറിയിക്കുന്ന മുറയ്ക്ക് നല്കി വരുന്നു. ഈ വർഷം മഴക്കാലത്തോടനുബന്ധിച്ച് സംസ്ഥാനത്തിന് ആവശ്യമുള്ള മരുന്നിന്റെ |

| | |
|---|---|
| | ലഭ്യത കേന്ദ്രസർക്കാറിനെ അറിയിക്കുകയും ആവശ്യമുള്ള മരുന്ന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| ബി)കേന്ദ്രസർക്കാരിൽ നിന്നും മരുന്ന ലഭ്യമാക്കാൻ എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്ന വ്യക്തമാക്കുമോ; | ബി)കേന്ദ്ര സർക്കാരിൽ നിന്നും അടിയന്തിരമായി മരുന്ന് ലഭ്യമാക്കുന്നതിന് , കേന്ദ്ര ആരോഗ്യ മന്ത്രാലയം, ഇ.എം.ആർ ഡയറക്ടർക്ക് കത്തയക്കുകയും , സംസ്ഥാനത്തിന്റെ കത്ത് ലഭിച്ചതനുസരിച്ച് , 2 ഗഡുക്കളായി എച്ച്1, എൻ1 മരുന്ന് സംസ്ഥാനത്തിന് അയച്ചുതരികയും ഉണ്ടായി. |
| സി)പ്രസ്തുത മരുന്ന് കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്നതു വരെ രോഗികൾക്ക് സൗജന്യമായി നൽകുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | സി)എച്ച്1, എൻ1 മരുന്ന് ഇപ്പോൾ കേരളത്തിലെ എല്ലാ ജില്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ആവശ്യത്തിന് ലഭ്യമാണ്. ഭാവി ആവശ്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടി കെ.എം.എസ്.സി എൽ വഴി മരുന്ന വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ഡി) നിലവിൽ പ്രസ്തുത രോഗത്തിന് ചികിത്സയിൽ കഴിയുന്ന രോഗികൾ എത്ര; 2014 ജനുവരിക്ക് ശേഷം നാളിതുവരെ പ്രസ്തുത രോഗം ബാധിച്ച് മരണപ്പെട്ടവർ എത്ര; പ്രസ്തുത രോഗം കണ്ടുപിടിക്കാൻ കഴിയാതെ മരണപ്പെട്ടവർ എത്ര; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ? | ഡി)2014 ജനുവരി മുതൽ 12 പേർ എച്ച്1, എൻ1 മൂലം മരണപ്പെട്ടു. ഈ കേസുകളെല്ലാം ലാബ് വഴി സ്ഥിരീകരിച്ചിട്ടുള്ളതാണ്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ജില്ല | സ്ഥിരീകരിച്ച കേസുകൾ | മരണങ്ങൾ |
|---|---|---|
| തിരുവനന്തപുരം | 6 | 3 |
| കൊല്ലം | 2 | 2 |
| പത്തനംതിട്ട | 0 | 0 |
| ആലപ്പുഴ | 0 | 0 |
| കോട്ടയം | 1 | 0 |
| ഇടുക്കി | 0 | 0 |
| എറണാകുളം | 0 | 0 |
| തൃശ്ശൂർ | 1 | 1 |
| പാലക്കാട് | 1 | 0 |
| മലപ്പുറം | 12 | 4 |
| വയനാട് | 5 | 0 |
| കോഴിക്കോട് | 13 | 1 |
| കണ്ണൂർ | 3 | 0 |
| കാസർഗോഡ് | 2 | 1 |
| ആകെ | 46 | 12 |

സെക്ഷൻ ഓഫീസർ